(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടും ഫ്ളഡ് റിലീഫ് ഫണ്ടും ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ

1(1311) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടും ഫ്ളഡ് റിലീഫ് ഫണ്ടും ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ബി.ഡി.ഒ.മാർ ഇംപ്ലിമെന്റ് ചെയ്യുമ്പോൾ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതികൾക്ക് ഇടപെടൽ അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ബി.ഡി.ഒ.മാർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ കൂടിയായതു കൊണ്ട് ഇത്തരം പ്രവർത്തികളിൽ ബ്ലോക്ക് പഞ്ചായത്തുകൾ ബി.ഡി.ഒ. മാരെ നിയന്ത്രിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിലും വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയനുസരിച്ചുള്ള പ്രവർത്തനങ്ങളിലും ഇവയുടെ മാർഗ്ഗനിർദ്ദേശങ്ങളും ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രത്യേകിച്ച് അധികാരങ്ങളൊന്നും നൽകിയിട്ടില്ല. എന്നാൽ ഇത്തരം പ്രവർത്തികളിൽ ഗുണഭോക്തൃ സമിതികൾ രൂപീകരിക്കുന്ന വേളകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെക്കൂടി അറിയിച്ചു നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കടുത്ത വരൾച്ച നേരിടുന്നതിന് സ്വീകരിച്ച പദ്ധതികൾ

2 (1312) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കടുത്ത വരൾച്ച നേരിടാൻ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;

(ബി) ഇപ്പോൾ കേന്ദ്രത്തിൽ നിന്നും ലഭിച്ച സഹായം അപര്യാപ്തമാണെന്ന് കേരള ഗവൺമെന്റ് കേന്ദ്രത്തെ ധരിപ്പിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly